**ഭൂമിദിനം**
**ഏപ്രിൽ 22**
**2002 – 2004**

### ജനകീയപ്രതിരോധത്തിന്റെ 3-ാം വർഷം

# കൊക്കക്കോള സമ്മാനിച്ചത്–ഭാരമില്ലാത്തകുഞ്ഞുങ്ങൾ ഇനിയും തിരിച്ചറിയാത്ത രോഗങ്ങൾ...

**എച്ച്. ടിജ്നാർക്ക്**

പ്ലാച്ചിമടയിൽ കൊക്കക്കോള പ്രവർത്തനമാരംഭിച്ചതുമുതൽ പ്രദേശത്തെ ആദിവാസികോളനികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ കുറവ് വന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഫാക്ടറിയുടെ അമിത ജലചൂഷണം വഴി കുടിവെള്ളത്തിനുള്ള മൂല്യശോഷണവും ജല-വായു മലിനീകരണവും വളമെന്ന പേരിൽ കമ്പനി വിതരണം ചെയ്ത വിഷമാലിന്യം മണ്ണും ജലവും വിഷപൂർണ്ണമാക്കിയതുമാവാം ഇത്തരം ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമെന്ന് ബോംബെ ആസ്ഥാനമാക്കിയുള്ള വികാസ് അധ്യയൻ കേന്ദ്ര നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. പ്രശസ്ത ശാസ്ത്രജ്ഞൻ വി ടി പദ്മനാഭൻ നടത്തിയ പഠനത്തിലും കുഞ്ഞുങ്ങളിലുണ്ടായ ഭാരക്കുറവിന് കൊക്കക്കോളയുടെ പ്രവർത്തനങ്ങൾ കാരണമാകുന്നുണ്ടെന്ന് കണ്ടെത്തിയിരുന്നു.

അസാധാരണമായ മുടികൊഴിച്ചിൽ, ചുമ, ഛർദ്ദി, വയറുവേദന, കണ്ണുവേദന, സന്ധികളിലുണ്ടാവുന്ന വേദന തുടങ്ങിയവ ഫാക്ടറിക്കടുത്ത് താമസിക്കുന്നവരിൽ അധികമായി കാണപ്പെടുന്നുണ്ടെന്ന് വികാസ് അധ്യയൻ കേന്ദ്ര നടത്തിയ പഠനത്തിൽ പറയുന്നു. തൊട്ടടുത്ത ഗ്രാമത്തിലേതിനേക്കാൾ കൂടുതൽ അളവിൽ ഈ രോഗങ്ങൾ ഇവിടങ്ങളിൽ ദൃശ്യമാകുന്നുണ്ട്. അസാധാരണമായ മുടികൊഴിച്ചിൽ 13 ശതമാനം അധികമാണിവിടെ.

കുട്ടികളിലും മുതിർന്നവരിലും വ്യാപകമായി അനീമിയ കാണപ്പെടുന്നുണ്ട്. നവജാതശിശുക്കളിൽ അധികവും രണ്ടരക്കിലോയിൽ താഴെ തൂക്കം മാത്രം ഉള്ളവരാണ്. വിജയനഗർ കോളനിയിൽ ജനിക്കുന്ന കുട്ടികളിൽ എഴുപത്തിയഞ്ച് ശതമാനവും മൂന്നുകിലോയിൽ താഴെയുള്ളവരാണ്. 1995 മുതൽ2000 വരെയുള്ള കാലഘട്ടത്തിൽ ഇവിടെപ്പിറന്ന കുട്ടികളുടെ ശരാശരി തൂക്കം 2700 ഗ്രാം ആയിരുന്നുവെങ്കിൽ 2001-2003 കാലഘട്ടത്തിൽ ശരാശരി തൂക്കം 200 ഗ്രാം കുറഞ്ഞ് 2500 ഗ്രാം ആയി. നവജാതശിശുക്കളിൽ ഭാരക്കുറവുള്ളവ 15ശതമാനം രേഖപ്പെടുത്തിയിരുന്നിടത്ത് 2001 -03 കാലത്ത് ഇത് ഇരട്ടിയിലധികമായതും ശരാശരി ഭാരക്കുറവ് 10 ശതമാനം കുറവ് രേഖപ്പെടുത്തിയതും ആശങ്കയ്ക്ക് വകനൽകുന്നതാണെന്നും ഇത് കൂടുതൽ പഠനം ആവശ്യപ്പെടുന്നുണ്ടെന്നും പ്രമുഖ ശാസ്ത്രജ്ഞൻ വി ടി പദ്മനാഭൻ പറയുന്നു.

വികാസ് അധ്യയൻ കേന്ദ്ര നടത്തിയ പഠനം കമ്പനിക്കെതിരെ സമർപ്പിച്ച കുറ്റപത്രം ഇങ്ങനെ അവസാനിക്കുന്നു-

ജലത്തിനുമേലുള്ള പ്രാദേശിക ജനതയുടെ അവകാശം നിഷേധിച്ചതിന്

പരിസരമലിനീകരണം നടത്തി ഗ്രാമങ്ങളെ വാസയോഗ്യമല്ലാതാക്കിയതിന്

കൃഷിയും ഭൂമിയും നശിപ്പിച്ച്, മണ്ണിൽ വിഷവളം പ്രയോഗിച്ച് പ്രാദേശിക ജനതയുടെ ജീവിക്കാനുള്ള അവകാശം നിഷേധിച്ചതിന്

ഭൂവിനിയോഗ ചട്ടവും ഭൂഗർഭജലനിയമവും ലംഘിച്ചതിന്

പൗരാവകാശങ്ങളും സ്ത്രീകളുടെ അവകാശങ്ങളും ലംഘിച്ചതിന്

ജനതയുടെ ആരോഗ്യം നശിപ്പിച്ചതിന്

ഈ കുറ്റങ്ങളുടെ പേരിലെല്ലാം കൊക്കക്കോള കമ്പനി പ്രതിസ്ഥാനത്ത് നിൽക്കുന്നു. അതിനാൽ കൊക്കക്കോളയ്ക്കെതിരായ സമരം കൂടുതൽ ശക്തമായ ഒരു തലത്തിലേക്ക് മാറേണ്ടസമയമായിരിക്കുന്നുവെന്ന് പഠനം ഓർമ്മപ്പെടുത്തുന്നു. ഈ ആഗോള ജലകുത്തകയെ എന്നെന്നേക്കുമായി കെട്ടുകെട്ടിക്കുന്നതിന് ശക്തവും സന്ധിയില്ലാത്തതുമായ നിയമയുദ്ധത്തിന് തുടക്കം കുറിക്കണമെന്ന് അധ്യയൻ കേന്ദ്രം അഭിപ്രായപ്പെടുന്നു.

*വിവരങ്ങൾക്ക് കടപ്പാട്: ഓംജി ജോൺ*

## ഇവർ പ്ലാച്ചിമട സമരനേതാക്കൾ

വിളയോടി വേണുഗോപാൽ (രക്ഷാധികാരി)

മൈലമ്മ, മാരിയപ്പൻ, വേലൂർ സ്വാമിനാഥൻ (കൺവീനർ), സുബ്രഹ്മണ്യ മൂപ്പൻ, വേലുച്ചാമി, പ്ലാച്ചിമട കണ്ണദാസൻ (വർക്കിംഗ് കൺവീനർ), ഷണ്മുഖൻ, രാജൻ, അംബിക, രംഗസ്വാമി, മുരുകൻ, ചാമുണ്ണി, തെയ്യാലൻ, അറുമുഖൻ പത്തിച്ചിറ, ഷാജി ചേലക്കാട്ടിൽ

### സമരസഹായ/ഐക്യദാർഢ്യ സമിതി മുഖ്യപ്രവർത്തകർ

സുരേഷ് ജോർജ്, സുന്ദരരാജൻ. പി., ആർ. അജയൻ, പി.ടി.എം. ഹുസൈൻ, യേശുദാസ് വരാപ്പുഴ, അഡ്വ. ജോഷി ജേക്കബ്, ടി. പീറ്റർ, സി.ആർ. നീലകണ്ഠൻ, ജിയോ ജോസ്, മേഴ്സി, ആർ. നന്ദകുമാർ, ഗ്രേസി, കെ.വി. ഷാജി, സി.പി.എം. ഇക്ബാൽ, പി പ്രസാദ്, ശ്രീലാൽ, ടി. കെ. വിനോദൻ, രതീഷ് കാളിയാടൻ, ഇസാബിൻ അബ്ദുൾകരീം, സെൻസ്/കാമ്പസ് സർക്കിൾ, ശ്രീധരൻ തേറമ്പിൽ, അഡ്വ. പി.എ. പൗരൻ, ടി.കെ.വാസു, സേവ, സൽസബീൽ സ്ക്കൂൾ വിദ്യാർത്ഥികൾ (ഈ ലിസ്റ്റ് അപൂർണ്ണമാണ്.)

